**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1471** **04-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടയം വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | **സംസ്ഥാനത്ത് 2016 മുതൽ ക്രയസർട്ടിഫിക്കറ്റുകൾ അടക്കം 2,31,546 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്.** |
| (ബി) | കാസർഗോഡ് ജില്ലയിലെ തുരുത്തി, ചെറുവത്തൂർ വില്ലേജുകളിലെ പുഴ പുറമ്പോക്കുകളിൽ 50 ലേറെ വർഷങ്ങളായി ജീവിച്ചു വരുന്നവർക്ക് എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ജലസ്രോതസുകളുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്ന ആവശ്യത്തിലേക്ക് സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥകളില്ല. Jagpal Singh V/s State of Punjab എന്ന കേസിലെ വിധി ന്യായപ്രകാരം ഇത്തരത്തിലുള്ള പുറമ്പോക്ക് ഭൂമി അസാധാരണ സാഹചര്യങ്ങളിലൊഴികെ പതിച്ച് നൽകുന്നതിന് നിയമ തടസമുണ്ട് എങ്കിൽപ്പോലും വർഷങ്ങളായി തൃക്കരിപ്പൂർ മണ്ഡലത്തിലെ പുഴ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുന്നതിലേക്കായി പുഴയുടെ ഓരത്ത് നിന്നും എത്ര ദൂരം മാറിയാണ് പതിച്ചു നൽകേണ്ടതെന്ന വിശദാംശം ലഭ്യമാക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായ ശേഷം ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനം എടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ